# SOCIETY OF ST. VINCENT DE PAUL

## OUR LADY OF GOOD DEATH

Valiathope, Thiruvananthapuram-695 008








# വാർഷിക പ്രവർത്തന
# റിപ്പോർട്ട് – 2022

# ആമുഖം

2017 നവമ്പർ മാസം 5 നു അന്ന് തോപ്പ് ഇടവക വികാരി ആയിരുന്ന ബഹുമാനപ്പെട്ട സൈറസ് കളത്തിൽ അച്ഛനും സെയിന്റ് റോക്ക്സ് കോൺവെന്റിലെ ബഹുമാനപ്പെട്ട സിസ്റ്റർ സലോമിയുടെയും പരിശ്രമഫലമായി പ്രവർത്തനം ആരംഭിച്ച വലിയ തോപ്പ് ഔർ ലേഡി ഓഫ് ഗുഡ് ഡെത്ത് വിൻസെൻറ് ഡി പോൾ സൊസൈറ്റി ഇന്ന് അഞ്ചു വർഷങ്ങൾ പിന്നിടുകയാണ്. തുടർന്നുള്ള വർഷങ്ങളിൽ ഇപ്പോഴത്തെ വികാരി ബഹു. ഹയസിന്ദ് അച്ചന്റെ സാന്നിദ്ധ്യവും സഹകരണവും ഞങ്ങൾക്കൊപ്പമുണ്ട്.

ഇതിനു മുൻപുള്ള നാല് വർഷങ്ങളിലായി വലിയതോപ്പിലും അതിനു ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലും, തിരുവനന്തപുരം ജില്ലയിലെ മറ്റ് നിരവധി ഗ്രാമങ്ങളിലുമുള്ള നൂറു കണക്കിന് ദരിദ്ര കുടുംബങ്ങൾക്കും, അഗതി മന്ദിരങ്ങളിലും, അനാഥാലയങ്ങളിലും കഴിയുന്ന ദൈവത്തിന്റെ സ്വന്തം മക്കൾക്കും അവരുടെ ജാതിയോ, മതമോ, വർഗ്ഗമോ, പ്രായമോ പ്രദേശമോ നോക്കാതെ ഒരു അത്താണിയാകുവാൻ വലിയതോപ്പ് വിൻസെൻറ് ഡി പോൾ സൊസൈറ്റിക്ക് കഴിഞ്ഞത് ദൈവത്തിന്റെ പദ്ധതിയായിരുന്നു എന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

അതുപോലെ അഞ്ചാം വർഷമായ റിപ്പോർട്ട് വർഷവും ദൈവത്തിന്റെ പ്രത്യേക പരിപാലനത്തിൽ നിരവധി ദരിദ്ര കുടുംബങ്ങൾക്ക് ഒരു കൈത്താങ്ങാകുവാൻ ഞങ്ങൾക്ക് കഴിഞ്ഞതിൽ സർവശക്തനായ ദൈവത്തിനു നന്ദി അർപ്പിക്കുന്നു. റിപ്പോർട്ട് വർഷത്തിൽ ഏകദേശം 5 ലക്ഷം രൂപ പാവങ്ങളുടെ ക്ഷേമത്തിനായി ചിലവാക്കുവാൻ സാധിച്ചു.

## OUR VISION AND MISSION
### (ദർശനവും ദൗത്യവും)

Our Lady of Good Death Valiathope Society of St. Vincent de Paul is a Christian lay voluntary organization dedicated to tackling poverty and disadvantage by providing practical assistance to those in need - irrespective of ideology, faith, ethnicity, age or gender. The vision of SSVP is to be a global catholic charity organization providing aid, development and hope to the poor and the marginalized.

പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പാവപ്പെട്ടവർക്കും സഹായങ്ങളും പ്രതീക്ഷയും നൽകുക എന്നതാണ് വലിയതോപ്പ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ ദർശനം. ദാരിദ്ര്യവും ദുരിതവും അനു വിക്കുന്നവരെ പ്രത്യയ ശാസ്ത്രം, വിശ്വാസം, വംശീയത, പ്രായം, ലിംഗം, തുടങ്ങിയ വ്യത്യാസങ്ങളില്ലാതെ അവരുടെ ദാരിദ്ര്യവും ദുരിതവും കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പ്രായോഗിക സഹായങ്ങൾ നൽകുന്നതിനായി സൊസൈറ്റിയെ സമർപ്പിച്ചിരിക്കുന്നു.

## വലിയത്തോപ്പ് വിൻസെൻറ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ

| Sl. No. | Name | Designation | Mobile no. |
|---|---|---|---|
| 1 | Sebastian Clement | President | 9744691548 |
| 2 | Ignatious Vincent | Vice President | 9847318936 |
| 3 | Benchamin Stephen | Secretary | 9847729980 |
| 4 | Cleetus Martin | Tressurer | 9567043822 |
| 5 | John Cruz | Member | 7907296674 |
| 6 | John Bosco D'Cruz | Member | 8547305672 |
| 7 | Cajetan Miranda | Member | 9447458321 |
| 8 | Tomson Abilius | Member | 9846025287 |
| 9 | Jerald John Cruz | Member | 7907252118 |
| 10 | Tom Jacob | Member | 9061608343 |
| 11 | Samson Rozario | Member | 7025432632 |
| 12 | Goban Kumar | Member | 9746648017 |
| 13 | Sabu | Member | 7736392065 |
| 14 | Wilfred Vincent | Member | +966536058193 |
| 15 | Alex Fernandez | Senior Member | 7736491493 |
| **Spritual Advicer cum Parish Priest : Rev. Dr. Hyacinth M Nayakam** | | | |

### യോഗങ്ങൾ സന്ദർശനങ്ങൾ

റിപ്പോർട്ട് വർഷത്തിൽ 40 പ്രതിവാര യോഗങ്ങൾ കൂടുകയും അഗതി മന്ദിരങ്ങളിലും അനാഥാലയങ്ങളിലുമായി നാല് സന്ദർശനങ്ങൾ നടത്തുകയും ചെയ്തു.

## പ്രധാന പ്രവർത്തനങ്ങൾ

### 1. ദത്ത് കുടുംബ സഹായം

| ആവശ്യം | കുടുംബങ്ങളുടെ എണ്ണം | നൽകിയ തുക |
|---|---|---|
| ക്ഷണ ചെലവുകൾ | 4 | 78000.00 |
| വിദ്യാഭ്യാസ ചെലവുകൾ | 4 | 66000.00 |
| മെഡിസിൻ & ചികിത്സ ചെലവുകൾ | 2 | 53420.00 |
| **ആകെ** | **10** | **197420.00** |

വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ അടിസ്ഥാന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാവപ്പെട്ട കുടുംബങ്ങളെ ദത്ത് എടുത്ത് അവരെ തുടർച്ചയായി സഹായിക്കുകയും പ്രതിസന്ധികളെ മറികടക്കാൻ ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നത്. റിപ്പോർട്ട് വർഷത്തിൽ 10 ദത്ത് കുടുംബങ്ങൾക്ക് 12 മാസവും സാമ്പത്തിക സഹായം നൽകുവാൻ സാധിച്ചു. ഇതിൽ 4 കുടുംബങ്ങൾക്ക് ദൈനംദിന ഭക്ഷണ ചെലവുകൾക്കായി 78,000 രൂപയും 4 കുടുംബങ്ങൾക്ക് വിദ്യാഭ്യാസ ചെലവുകൾക്കായി 66000 രൂപയും 2 കുടുംബങ്ങൾക്ക് ചികിത്സ ചെലവുകൾക്കായി 53420 രൂപയും ഉൾപ്പെടെ ആകെ 1,97,420 രൂപ നൽകുവാൻ സാധിച്ചു.

## 2. വിദ്യാഭ്യാസ സഹായം

സ്കൂൾ, കോളേജ് വിദ്യാഭ്യാസത്തിനു ഫീസ് കൊടുക്കാൻ കഴിയാതിരുന്ന 5 കുട്ടികൾക്ക് ഫീസ് അടക്കാനും ഹോസ്റ്റൽ ഫീസിനുമായി 25460 രൂപ നൽകി സഹായിച്ചു

## 3. ഉന്നത വിദ്യാഭ്യാസ സഹായം - ലാപ് ടോപ് വിതരണം

പ്ലസ് 2 കഴിഞ്ഞു ഉപരി പഠനം നടത്തിക്കൊണ്ടിരുന്ന 4 ദരിദ്ര കുടുംബങ്ങളിലെ കുട്ടികൾക്ക് സെൻട്രൽ കൗൺസിലിന്റെ സഹായത്തോടെ ലാപ്ടോപ്പ് നൽകുകയുണ്ടായി. ഇതിനായി സി സി പ്രോജക്റ്റ് ഫണ്ടിൽ നിന്നും 94,376 രൂപയും കോൺഫെറൻസിൽ നിന്നും 22,180 രൂപയും ഉൾപ്പെടെ 1,16,556 രൂപ ചെലവാക്കുകയുണ്ടായി. ഈ ലാപ്ടോപ്പുകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്ന കുട്ടികൾക്കും ഇതിനായി സഹായിച്ച സെൻട്രൽ കൗൺസിൽ ഭാരവാഹികൾക്കും ഈ അവസരത്തിൽ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

## 4. മെഡിസിൻ - ചികിത്സ സഹായം

ഇടവക അംഗങ്ങളും അല്ലാത്തതുമായ വിവിധ ജാതി മതവിഭാഗ ഉൾപ്പെട്ട 8 പാവപ്പെട്ട രോഗികൾക്ക് മെഡിസിനും ചികിത്സ സഹായവുമായി റിപ്പോർട്ട് വർഷത്തിൽ 17,200 രൂപ ചിലവാക്കുവാൻ സാധിച്ചു.

## 5. ദുരിതാശ്വാസ ക്യാമ്പിലെ സഹായങ്ങൾ

തീരശോഷണം കാരണം വീട് നഷ്ടപ്പെട്ട് വലിയതുറ യു പി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ ഫാനും ലൈറ്റും ഇല്ലാതെ ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് ഫാൻ, ലൈറ്റ് എന്നിവ സ്ഥാപിച്ച് ഇലക്ട്രിക്കൽ മെയ്ന്റനൻസ് വർക്കുകൾ ചെയ്തു നൽകുവാൻ സാധിച്ചു. ഇതിനായി 2800 രൂപ ചിലവാക്കി.

## 6. അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കുമുള്ള സഹായങ്ങൾ

അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, പാവപ്പെട്ട കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്ന സ്കൂളുകൾ എന്നിവ സന്ദർശിച്ച് ആ ഭവനങ്ങൾ നടത്തുന്നതിനാവശ്യമായ കുറവുകൾ കണ്ടെത്തി സഹായിക്കുന്നത് കോൺഫെറൻസിന്റെ ആരംഭം മുതൽ തുടർച്ചയായി നടത്തി വരുന്ന ഒരു ആതുര സേവനമാണ്. റിപ്പോർട്ട് വർഷത്തിൽ ഇത്തരത്തിൽ ഈ സ്ഥാപനങ്ങൾക്കായി 3,3656 രൂപ ചെലവാക്കുകയുണ്ടായി. പ്രധാനമായും പലവ്യഞ്ജന സാധനങ്ങൾ, ചെരിപ്പുകൾ, വസ്ത്രങ്ങൾ, അടുക്കള ഉപകരണങ്ങൾ തുടങ്ങിയവയാണ് സഹായമായി ഈ സ്ഥാപനങ്ങളിൽ എത്തിച്ചിട്ടുള്ളത്.

## 7. വീട് അറ്റകുറ്റപണികൾക്കുള്ള സഹായങ്ങൾ

കാലപ്പഴക്കത്തിൽ വീട് ശോചനീയ അവസ്ഥയിൽ താമസ യോഗ്യമല്ലാതായ കുടുംബങ്ങൾക്ക് അടിയന്തിര അറ്റകുറ്റ പണികൾ ചെയ്യുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്തു നൽകുകയുണ്ടായി. ഇതിനായി 6680 രൂപ ചിലവാക്കുവാൻ സാധിച്ചു.

## 8. വിവാഹ ധനസഹായം

പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ചെലവുകൾക്കായി സാമ്പത്തിക സഹായം നൽകുകയുണ്ടായി. ഇതിനായി 6400 രൂപ ചിലവാക്കുവാൻ സാധിച്ചു.

## 9. മരണാനന്തര ചെലവുകൾക്കുള്ള സഹായം

മൃതസംസ്ക്കാരം ഉൾപ്പെടെയുള്ള മരണാനന്തര ചെലവുകൾ കണ്ടെത്താൻ പ്രയാസപ്പെട്ട പാവപ്പെട്ട കുടുംബത്തിന് മരണാനന്തര ചെലവുകൾക്കായി 5000 രൂപ സാമ്പത്തിക സഹായം നൽകുകയുണ്ടായി.

## 10. സി. സി. അഗതി മന്ദിര നിർമാണ ഫണ്ട്

അഗതികളായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനു സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്ന മന്ദിരത്തിനായി 10000 രൂപ കോൺഫറൻസ് അംഗങ്ങളിൽ നിന്നും സമാഹരിച്ച് നൽകുവാൻ സാധിച്ചു.

## 11. യുവ ജന കോൺഫറൻസ് രൂപീകരണം






വിൻസെൻറ് ഡി പോൾ സൊസൈറ്റിയിൽ യുവജനങ്ങളുടെ പങ്കാളിത്തവും സഹകരണവും നാൾക്കുനാൾ കുറഞ്ഞു വരുന്ന പശ്ചാത്തലത്തിലും ഈ കാലഘട്ടത്തിൽ യുവജനങ്ങൾ സേവന വഴികളിലൂടെ സഞ്ചരിച്ച് ദൈവ സ്നേഹം തിരിച്ചറിയു വാനും സേവന തല്പരത വളർത്തിയെടുത്ത് അതിലൂടെ ദൈവ സ്നേഹത്തിൽ വളർന്നു വരുന്ന ഒരു യുവ തലമുറയെ സൃഷ്ടിക്കുവാനും ലക്ഷ്യം വച്ച് തോപ്പ് ഇടവകയിൽ ഒരു യുവജന കോൺഫറൻസ് രൂപീകരിക്കാനുള്ള പരിശ്രമങ്ങൾ ഈ റിപ്പോർട്ട് വർഷം ഫലമാണി യുകയുണ്ടായി. ഈ യുവജന കോൺഫറൻസിന് ദിശാബോധം നൽകി അതിന്റെ പ്രവർത്തനങ്ങൾ ഇടവക ജനങ്ങൾക്കും മറ്റു യുവജനങ്ങൾക്കും മാതൃകയാക്കി മുന്നോട്ടു നയിക്കുക എന്നത് ഏറെ ശ്രമകരമായ ഒരു ദൗത്യമാണ്. പ്രവർത്തന തല്പരരായ ഇടവകയിലെ പതിനഞ്ചോളം യുവജനങ്ങൾ ഈ കോൺഫറൻസിന്റെ ആരംഭത്തിൽ തന്നെ അംഗങ്ങളായി എന്നത് ഏറെ പ്രതീക്ഷ നൽകുന്നതാണ്. ഇതിനായി പരിശ്രമിച്ച കോൺഫറ ൻസിലെ മുഴുവൻ അംഗങ്ങളെയും, യുവജന കോൺഫറൻസിന് ആദ്യ പ്രവർത്തന ഫണ്ടായി ഏകദേശം 11200 രൂപയിലധികം സംഭാവനയായി നൽകിയ സിസ്റ്റർ ഗ്രെഹരിയെയും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. അതോടൊപ്പം ഇതിനായി ദൈവം തെരഞ്ഞെടുത്ത എല്ലാ യുവജങ്ങൾക്കും വ്യത്യസ്തവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലൂടെ പ്രവർത്തന വിജയവും ജീവിത വിജയവും ആശംസിക്കുകയും ചെയ്യുന്നു.






## ഏരിയ കൗൺസിൽ യോഗങ്ങളിലെ പങ്കാളിത്തം

വലിയതുറ ഏരിയ കൗൺസിൽ വിളിച്ച് കൂട്ടുന്ന ഏരിയ കൗൺസിൽ യോഗങ്ങളിൽ കോൺഫറൻസ ഭാരവാഹികൾ കൃത്യമായി പങ്കെടുക്കുകയും ലഭിക്കുന്ന മാർഗ നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തു വരുന്നു.

## 12. ക്രിസ്തുമസ് കിറ്റ് വിതരണം







സന്തോഷത്തിന്റെയും പ്രത്യാശയുടെയും പുതിയ പ്രതീക്ഷകളുടെയും നാളുകളാണല്ലോ ക്രിസ്തുമസ്. ഈ ദിനങ്ങളിൽ എല്ലാപേരും സന്തോഷത്തോടെ ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ നമുക്ക് ചുറ്റും ക്രിസ്തുമസ് ആഘോഷിക്കാൻ കഴിയാതെ ദുരിത ജീവിതം നയിക്കുന്ന മനുഷ്യരെ കണ്ടെത്തി അവർക്കും ആത്മാഭിമാനത്തോടെ ക്രിസ്തുമസ് ആഘോഷിക്കുവാൻ അവസരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ക്രിസ്തുമസ് തലേന്ന് ക്രിസ്തുമസ് കിറ്റുകൾ നൽകിവരുന്നത്. ഈ വർഷം നാനാജാതി മതസ്ഥരായ 75 കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റുകൾ നൽകുവാൻ സാധിച്ചു. ഇതിൽ 50 പേരും മറ്റു മതവിഭാഗത്തിൽ ഉൾപ്പെട്ടവരോ മറ്റു സമീപ ഗ്രാമങ്ങളിൽ ഉള്ളവരോ ആയ സഹോദരങ്ങളാണ്. ഇതിനായി 61,452 രൂപ ചെലവിട്ടു.









## 13. കുടുംബ സംഗമം





കോൺഫറൻസിലെ അംഗങ്ങ ളുടെ കുടുംബാംഗങ്ങളെ കൂടി വിൻസെൻറ് ഡി പോൾ സൊസൈറ്റി പ്രവർത്തനങ്ങ ളിൽ ഭാഗഭാക്കാക്കുന്നതിന്റെ ഭാഗമായി വർഷത്തിലൊരിക്ക ലെങ്കിലും കുടുംബാംഗങ്ങളോ ടൊപ്പം അഗതി മന്ദിരങ്ങൾ സന്ദർശിക്കാറുണ്ട്. ആയത് ഒരു കുടുംബ സംഗമമായി കൂടിയാണ് നടത്തിവരുന്നത്. റിപ്പോർട്ട് വർഷം മൺവിള യിൽ പാവപ്പെട്ട കുട്ടികൾ ക്കായി നടത്തിവരുന്ന ബോയ്സ് ടൗൺ എന്ന സ്ഥാപനം കുടുംബാംഗ ങ്ങളോടൊപ്പം സന്ദർശിക്കുകയുണ്ടായി. അന്നെ ദിവസം പങ്കെടുത്ത എല്ലാപേർക്കും അവിടെ നടന്ന ദിവ്യബലിയും കുട്ടികളുമായുള്ള സൗഹൃദ കളികളും വേറിട്ട ഒരു അനുഭവമായിരുന്നു. ആ സ്ഥാപനത്തിലെ കുട്ടികൾക്കായി 10000 രൂപയുടെ പലവ്യഞ്ജനങ്ങൾ അന്നേ ദിവസം ലഭ്യമാക്കുവാൻ സാധിച്ചു. അതോടൊപ്പം അന്നേ ദിവസം പ്രഭാത ഭക്ഷണം തയ്യാറാക്കി കൊണ്ടുപോകുകയും എല്ലാ അംഗങ്ങളും അവരുടെ മക്കളും ജീവിത പങ്കാളിയും ആ ഭവനത്തിലെ കുട്ടികളോടൊപ്പമിരുന്നു പ്രഭാത ഭക്ഷണം ഭക്ഷിക്കുകയും ചെയ്തു.



## സംഭാവനകൾ നൽകി സഹായിക്കുന്നവർ

ഇടവക ജനങ്ങളെ കൂടാതെ വിവിധ ദേശക്കാരും വിവിധ ജാതി മത വിശ്വാസത്തിൽ പെട്ടവരുമായ ആളുകൾ അകമഴിഞ്ഞ് സഹായിക്കുന്നതുകൊണ്ടു മാത്രമാണ് ഞങ്ങൾക്ക് പാവപ്പെട്ടവർക്കു വേണ്ടിയുള്ള ദൈവ കാരങ്ങളാകുവാൻ സാധിക്കുന്നത്. ഞങ്ങൾക്ക് സംഭാവനകൾ നൽകുന്ന ആളുകൾ പാവപ്പെട്ടവർക്ക് അവർക്കു നേരിട്ട് സഹായം എത്തിക്കാൻ സാധിക്കാത്തതിനാൽ അവർക്കു വേണ്ടി ആ സഹായം പാവപ്പെട്ടവരിൽ എത്തിക്കുന്നതിന് ഞങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ ലഭിക്കുന്ന ഓരോ ചെറിയ സംഭാവനയും അർഹതപ്പെട്ടവരുടെ കൈകളിൽ എത്തുന്നു എന്ന് ഉറപ്പാക്കുവാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്താറുണ്ട്. കഴിഞ്ഞ അഞ്ചു വർഷവും ഞങ്ങളുടെ പ്രവർത്തനങ്ങൾക്കു പ്രാർഥന സഹായങ്ങളും സംഭാവനകളും നൽകിയ എല്ലാ സുമനസ്സുകൾക്കും ഈ അവസരത്തിൽ ഹൃദ്യവും ആത്മാർഥവുമായ നന്ദി അർപ്പിക്കുന്നതോടൊപ്പം പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു. അതോടൊപ്പം ഞങ്ങളിലൂടെ സഹായങ്ങൾ സ്വീകരിച്ച എല്ലാ സഹോദരങ്ങൾക്കും കുടുംബങ്ങൾക്കും ആത്മാർഥമായ പ്രാർത്ഥനാശംസകൾ നേരുന്നു.

## ഉപസാഹാരം

ഞങ്ങളുടെ ആത്മീയ ഉപദേഷ്ട്ടാവും ഇടവക വികാരിയുമായ ബഹുമാനപ്പെട്ട ഹയസിന്ത് എം നായകം അച്ചന്റെ പ്രോത്സാഹനവും മാർഗദർശനങ്ങളും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. എപ്പോഴും പ്രചോദനവും മാർഗനിർദേശങ്ങളും നൽകി ഞങ്ങളെ വഴി നടത്തുന്ന സെൻട്രൽ കൗൺസിൽ ഏരിയ കൗൺസിൽ ഭാരവാഹികൾക്കും ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു. ഏറെ പ്രത്യേകിച്ച് അങ്ങേയറ്റം ഐക്യത്തോടെയും കെട്ടുറപ്പോടെയും സൊസൈറ്റിയുടെ നിലനിൽപ്പിനു പ്രാധാന്യം കൊടുത്തുകൊണ്ട് ആത്മാർഥമായി പ്രവർത്തിക്കുന്ന കോൺഫറൻസിലെ മുഴുവൻ അംഗങ്ങൾക്കും വിശിഷ്യാ ഞങ്ങൾക്ക് വിജയകരമായി നേതൃത്വം നൽകി പ്രവർത്തിച്ചു വരുന്ന സൊസൈറ്റി പ്രസിഡൻറ് ബ്രദർ സെബാസ്റ്റ്യൻ, വൈസ് പ്രസിഡൻറ് ബ്രദർ ഇഗ്നേഷ്യസ് വിൻസെൻറ്, ട്രഷറർ ബ്രദർ ക്ലീറ്റസ് മാർട്ടിൻ, ആഭ്യന്തര ഓഡിറ്റർമാരായി പ്രവർത്തിച്ചുവരുന്ന ബ്രദർ കെജിറ്റെൻ മിരാൻഡ, ബ്രദർ ജെറാൾഡ് ജോൺ ക്രൂസ് എന്നിവരുടെ സേവനങ്ങൾ വിലമതിക്കാനാകാത്തതാണ്. അവരെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ഞങ്ങളുടെ പ്രവർത്തന പാതകളിൽ പ്രകാശമായ സർവശക്തനായ പിതാവിനോട് പ്രാർഥിച്ചുകൊണ്ട് ഏവരുടെയും അറിവിനും അംഗീകാരത്തിനുമായി 2022 ലെ ഈ വാർഷിക പ്രവർത്തന റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

# FINANCIAL STATEMENTS - 2022 (വരവ് ചെലവ് കണക്കുകൾ 2022)

| ക്രമ | വരവ് | തുക | ചെലവ് | തുക |
|---|---|---|---|---|
| 1 | സംഭാവന | 529519 | ക്രിസ്മസ് കിറ്റ് വിതരണം | 61452 |
| 2 | രഹസ്യ പിരിവ് | 47860 | യുവജന കോണ്‍ഫെറൻസ് രൂപീകരണ ചെലവുകൾ | 3470 |
| 3 | മാസവാരി | 5500 | പാവപ്പെട്ട കുടുംബംങ്ങൾക്ക് ഭക്ഷണ സാധനങ്ങൾ | 1485 |
| 4 | ബാങ്ക് പലിശ | 3168 | കുടുംബാംഗങ്ങളുടെ ഒത്തു ചേരൽ ചെലവ് | 30000 |
| 5 | സി.സി. അഗതി മന്ദിര വിഹിതം അംഗങ്ങളിൽ നിന്നും | 9500 | ദത്തു കുടുംബ സഹായം | 197420 |
| 6 | ലാപ് ടോപ്പ് ഗുണഭോക്തൃ വിഹിതം | 15000 | വിദ്യാഭ്യാസ സഹായം | 25460 |
| 7 | വായ്പ തിരിച്ചടവ് നിഖിൽ | 35330 | പൂജയുടെ ചെലവുകൾ | 1740 |
| 8 | | | വാർഷിക യോഗത്തിന്റെ ചെലവുകൾ | 21278 |
| 9 | | | അഗതി മന്ദിരങ്ങൾക്കുള്ള സഹായം | 33656 |
| 10 | | | വീട് പുനരുദ്ധാരണം | 6680 |
| 11 | | | ചികിത്സ സഹായം & മെഡിസിൻ | 17200 |
| 12 | | | വാർഷിക റിപ്പോർട്ട് ഡിസൈനിംഗ് & പ്രിന്റിംഗ് | 17400 |
| 13 | | | ഏരിയ കൗൺസിൽ വിഹിതം | 1800 |
| 14 | | | വിവാഹ സഹായം | 6400 |
| 15 | | | ദുരിതാശ്വാസ ക്യാമ്പിലെ ചെലവുകൾ | 2800 |
| 16 | | | സി. സി. വാർഷിക യോഗ വിഹിതം | 500 |
| 17 | | | പുതിയ ബിഷപ്പിന് ഉപഹാരം | 3240 |
| 18 | | | യാത്ര ചെലവ് | 605 |
| 19 | | | മീറ്റിംഗ് ചെലവ് | 2326 |
| 20 | | | പ്രിന്റിംഗ് & സ്റ്റേഷനറി | 135 |
| 21 | | | ബാങ്ക് ചാർജസ് | 239 |
| 22 | | | തോപ്പ് ഇടവകയിലെ ഉന്നത വിദ്യാഭ്യാസം നടത്തുന്നതിൽ ദരിദ്ര കുട്ടികൾക്ക് ലാപ്ടോപ്പ് നൽകിയ ചെലവ് | 22180 |
| 23 | | | സി.സി. അഗതി മന്ദിര വിഹിതം അടച്ചത് | 10000 |
| 24 | | | ലാപ് ടോപ്പ് ലോൺ തിരിച്ചടച്ചത് | 25000 |
| 25 | | | അംഗങ്ങളിൽ നിന്നുള്ള അഡ്വാൻസ് തിരികെ നൽകിയത് | 4000 |
| 26 | | | സ്പോൺസർമാർക്കുള്ള ക്രിസ്മസ് കാർഡ്, കേക്ക് | 2500 |
| 27 | | | മറ്റു ചെലവുകൾ | 1400 |
| 28 | | | മരണാനന്തര ചെലവുകൾ നൽകിയത് | 5000 |
| | **ആകെ വരവ്** | **645877** | **ആകെ ചെലവ്** | **505366** |
| | മുൻ നീക്കിയിരിപ്പ് | 174034 | നീക്കിയിരിപ്പ് | 314545 |
| | **ആകെ** | **819911** | **ആകെ** | **819911** |

| | |
|---|---|
| ക്യാഷ് ബാങ്കിൽ | 304474 |
| ക്യാഷ് കൈയ്യിൽ | 10071 |
| **ആകെ** | **314545** |

**സെബാസ്റ്റ്യൻ ക്ലെമൻറ്**
(പ്രസിഡൻറ്)

**ക്ലീറ്റസ് മാർട്ടിൻ**
(ട്രെഷറർ)

**ബെഞ്ചമിൻ സ്റ്റീഫൻ**
(സെക്രട്ടറി )